നം. സി1/396/റ്റിസി/2003

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള, തിരുവനന്തപുരം
തിയ്യതി. 28. 06.2011.

## സർക്കുലർ നമ്പർ 14 /2011

വിഷയം:- മോട്ടോർ വാഹന വകുപ്പ് — ഹയർ പർചേസ് എഗ്രിമെന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ എൻഡോഴ്സ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:- 13.06.2011 തീയതിലെ സർക്കുലർ നമ്പർ 13/2011.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാഹന വായ്പ എടുക്കുന്ന ഉപഭോക്താക്കൾക്കും, വാഹന വകുപ്പിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും ഹയർ പർചേസ് എഗ്രിമെന്റ് എൻഡോഴ്സ് ചെയ്യുമ്പോഴും, പഴയ വാഹനങ്ങൾ പുതിയ ഹൈപ്പോത്തിക്കേഷൻ എഗ്രിമെന്റ് എൻഡോഴ്സ് ചെയ്യുമ്പോഴും നോൺ ബാങ്കിംഗ് ഫൈനാൻസിയർക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട് 45 (1) (എ) പ്രകാരം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷന്റെ കോപ്പി കൂടി ഹാജരാക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷന്റെ അഭാവത്തിൽ ഫൈനാൻസിയർ 1958 ലെ കേരള മണി ലെൻഡിംഗ് ആക്ട് പ്രകാരം ലഭിച്ച ലൈസൻസിന്റെ കോപ്പി ഹാജരാക്കിയാലും മതിയാകും. സർക്കുലർ 13/2011 മേൽപറഞ്ഞ മാറ്റം വരുത്തി പരിഷ്കരിച്ചിരിക്കുന്നതായി ഇതിനാൽ അറിയിച്ചു കൊള്ളുന്നു. സർക്കുലർ 13/2011 — ൽ സൂചിപ്പിച്ചിരുന്നതു പോലെ മേൽ നിർദ്ദേശം 01/07/2011 — ന് പ്രാബല്യത്തിൽ വരുന്നതായിരിക്കും.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

പകർപ്പ്:-

സി.എ. റ്റു. ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &സെക്രട്ടറി,എസ്.റ്റി.എ., സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ട്രാൻസ്ലേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ സീനിയർലാ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ അസി. ട്രാൻസ്പോർട്ട് കമ്മീഷണർ , അസി. സെക്രട്ടറി, എസ്. റ്റി. എ.,

അംഗീകാരത്തോടെ

29/6/11

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി,എസ്.റ്റി.എ.,